പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4352 22.7.2015 ൽ മറുപടിയ്ക്ക്

## രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി-കോഴിക്കോട് ജില്ല

ചോദ്യം
ശ്രീ.ഇ.കെ. വിജയൻ

മറുപടി
ശ്രീ ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | എ) 1448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) ജനസമ്പർക്ക പരിപാടിയിൽ കോഴിക്കോട് ജില്ലയിൽ ലഭിച്ച പരാതികളിൽ 25,000 രൂപയ്ക്ക് മുകളിൽ തുക നൽകിയ എത്ര കേസുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ; ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ ;<br><br>സി) എം.എൽ.എ മാരുടെ ശുപാർശയോടൊപ്പം ലഭിച്ച അപേക്ഷയിന്മേൽ ഈ സാമ്പത്തിക വർഷം 25,000 രൂപയ്ക്ക് മുകളിൽ തുക അനുവദിച്ച എത്ര കേസുകൾ ഉണ്ട് ;<br><br>ഡി) ഈ അന്തരം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഇ)ജനസമ്പർക്ക പരിപാടിയിലും എം.എൽ.എ മാരുടെ ശുപാർശയിന്മേലും ലഭിക്കുന്ന ചികിത്സാ ധനസഹായത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;<br><br>എഫ്) സംസ്ഥാനത്ത് ഇത് രണ്ടുതരം നീതി സൃഷ്ടിക്കുന്നുവെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവണത അവസാനിപ്പിച്ച് അർഹരായ രോഗികൾക്ക് അർഹമായ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | <u>ബി+സി+ഡി+ഇ+എഫ്</u><br><br>25,000 രൂപയ്ക്ക് മുകളിൽ തുക നൽകിയ 268 കേസുകൾ ഉണ്ട്. പരാതികളുടെ സ്വഭാവമനുസരിച്ചാണ് തുക അനുവദിക്കാറുള്ളത്. എം.എൽ.എ മാരുടെ ശുപാർശയോടെ ലഭിച്ച അപേക്ഷകളുടെയും അല്ലാത്ത അപേക്ഷകളുടെയും വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. രണ്ടു തരം നീതി സൃഷ്ടിക്കുന്ന തരത്തിൽ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ